കേന്ദ്ര ഗവൺമെന്റിന്റെ സ്പെഷ്യൽ എസ്.ജി.എസ്.വൈ. സ്കീം

195 [1775] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ സ്പെഷ്യൻ എസ്.ജി.എസ്.വൈ. സ്കീം പ്രകാരം തിരുരങ്ങാടി ബ്ലോക്കിൽ നിന്നും മലപ്പുറം ഡി.ആർ.ഡി.എ വഴി പദ്ധതി തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി കേന്ദ്ര ഗവൺമെന്റിന് അയയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം ലഭിക്കേണ്ടുന്ന പദ്ധതികൾ സൂക്ഷ്മമായി പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തി കേന്ദ്ര ഗവൺമെന്റിന് അയയ്ക്കാൻ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ കാലതാമസം ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സ്പെഷ്യൽ പ്രോജക്ട് സംസ്ഥാന സർക്കാർ പരിശോധിക്കുകയും പ്രോജക്ട് തയ്യാറാക്കിയത് എസ്.ജി.എസ്.വൈ. മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമല്ലാത്തതിനാൽ പരിഗണിക്കുവാൻ കഴിയുകയില്ലെന്ന് ഗ്രാമവികസന കമ്മീഷണറെ അറിയിക്കുകയും ചെയ്തിരുന്നു. സർക്കാർ തലത്തിലെ പരിശോധനയുടെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് പ്രോജക്ട് പുതുക്കി നൽകുന്നതിന് മലപ്പുറം ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർക്ക് ഗ്രാമവികസന കമ്മീഷണർ നിർദ്ദേശം നൽകി. അതനുസരിച്ച് ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർ ഭേദഗതി വരുത്തിയ പ്രോജക്ട് ഗ്രാമവികസന കമ്മീഷണർക്ക് സമർപ്പിക്കുകയും ആയത് ഗ്രാമവികസന കമ്മീഷണർ സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ പുതുക്കിയ പ്രോജക്ട് സർക്കാർ തലത്തിൽ വീണ്ടും പരിശോധിച്ചതിൽ നേരത്തെ ചൂണ്ടിക്കാണിച്ച പോരായ്മകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല എന്ന് കണ്ടെത്തി. അവ പരിഹരിച്ച് പുതുക്കിയ പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ഇതനുസരിച്ച് ഗ്രാമവികസന കമ്മീഷണർ മലപ്പുറം ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ച പ്രകാരം ഭേദഗതി വരുത്തിയ പ്രോജക്ട് ലഭിക്കുന്ന മുറയ്ക്ക് ഇത് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) സ്വീകരിക്കും.

എരമം-നോർത്ത് കിഴക്കേക്കര-രാമപുരം-തൗപ്പറ റോഡ്

196 [1776] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ വികസന ബ്ലോക്കിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ എരമം-നോർത്ത് കിഴക്കേക്കര-രാമപുരം-തൗപ്പറ റോഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ആർ.ഐ.ഡി.എഫ്.-5-ൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമവികസന വകുപ്പ് കമ്മീഷണറുടെ 7-12-1999-ലെ 39000/ടി.ആർ. ആന്റ് ഐ.ഡബ്ല്യു.ഡി. 5/99 നമ്പർ പ്രകാരം നബാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർക്ക് അയച്ച റിപ്പോർട്ടിന് നാളിതുവരെയും അംഗീകാരം നേടിയെടുക്കുവാൻ കഴിയാത്തതെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച് ഗ്രാമവികസന വകുപ്പ് കമ്മീഷണറുടെ ഓഫീസിൽ നിലവിലുള്ള നമ്പർ 17769/ആർ. ആന്റ് ഐ. 5/2003 ഫയൽ പ്രകാരവും ഗ്രാമ വികസന വകുപ്പ് സെക്രട്ടറിയേറ്റിലെ നമ്പർ 6650/പി.എ/ഫയൽ പ്രകാരവും കൈക്കൊണ്ട നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഏറ്റവും പുതുതായി ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തുന്ന ഗ്രാമീണ റോഡുകളുടെ പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) പ്രസ്തുത റോഡിന്റെ പ്രൊപ്പോസൽ 22-3-2004-ന് ആർ.ഐ.ഡി.എഫ്. 9-ൽ ചേർത്ത് നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) 2003-2004 സാമ്പത്തിക വർഷം നബാർഡ് ഏറ്റവും അവസാനമായി ആർ.ഐ.ഡി.എഫ്.-ൽ അനുവദിച്ച 57 റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly